**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4680** **13-03-2023 - ൽ മറുപടിയ്ക്ക്**

**വനാശ്രിത സമൂഹങ്ങൾക്കായി ക്ഷേമ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. ലിന്റോ ജോസഫ്** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വനാശ്രിത സമൂഹങ്ങളുടെ ക്ഷേമത്തിനായി നടത്തുന്ന പരിപാടികൾ സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | വനാശ്രിത സമൂഹത്തിന്റെ ക്ഷേമത്തിനായി ജനപങ്കാളിത്തത്തോടെ വിവിധ പദ്ധതികൾ പങ്കാളിത്ത വനപരിപാലനത്തിന് കീഴിൽ വനം വകുപ്പ് നടപ്പാക്കുന്നുണ്ട്. ടി പങ്കാളിത്ത വനപരിപാലന പദ്ധതികളുടെ നടത്തിപ്പിനായി വനം ഡിവിഷൻ തലത്തിൽ ചാരിറ്റബിൾ സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത 50 വന വികസന ഏജൻസികൾ രൂപീകരിച്ചിട്ടുണ്ട്. മേൽ വന വികസന ഏജൻസികൾക്ക് കീഴിൽ 417 വന സംരക്ഷണ സമിതികളും, 213 ഇക്കോ-ഡെവലപ്മെന്റ് കമ്മിറ്റികളും രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നു. വന സംരക്ഷണ സമിതികളുടെയും, ഇക്കോ-ഡെവലപ്മെന്റ് കമ്മിറ്റികളുടെയും പദ്ധതി പ്രവർത്തനങ്ങൾ അതാത് എക്സിക്യൂട്ടീവ് കമ്മിറ്റികൾ അവയുടെ പ്രവർത്തന നിയമാവലി പ്രകാരം യോഗങ്ങൾ കൂടി അവലോകനം നടത്തുന്നു. കൂടാതെ ഓരോ സമിതിയുടെയും പ്രവർത്തനങ്ങൾ ബന്ധപ്പെട്ട വനവികസന ഏജൻസി തലത്തിലും അവലോകനം ചെയ്യുന്നു. അന്തിമമായി സംസ്ഥാന വന വികസന ഏജൻസി തലത്തിൽ വന വികസന ഏജൻസികളുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്തു വരുന്നു. |
| (ബി) | വനാശ്രിത സമൂഹങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഔഷധ സസ്യ കൃഷി പ്രോത്സാഹന പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (ബി) | സംസ്ഥാനത്തെ ആദിവാസി വിഭാഗങ്ങൾ ഉൾപ്പെടെയുള്ള വനാശ്രിത സമൂഹങ്ങളുടെ വരുമാന വർദ്ധനവും ജീവിത നിലവാര ഉയർച്ചയും ലക്ഷ്യമിട്ട് സംസ്ഥാനത്ത് സുലഭമായി ലഭിയ്ക്കുന്നതും, വിവിധ ആവശ്യങ്ങൾക്കായി ഉപയുക്തമായതുമായ വിവിധ ഇനം ഔഷധ സസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനുമായി ദേശീയ-സംസ്ഥാന ഔഷധ സസ്യബോർഡുകളുടെ ധനസഹായം ഉപയോഗപ്പെടുത്തി വിവിധ പദ്ധതികൾ വന |

| | | | |
|---|---|---|---|
| | | | സംരക്ഷണ സമിതികൾ/ ഇക്കോ-ഡെവലപ്പ്മെന്റ് കമ്മിറ്റികൾ മുഖേന വനം വകുപ്പ് നടപ്പാക്കിയിട്ടുണ്ട്. കൂടാതെ ദേശീയ വനവത്ക്കരണ പരിപാടി , ഗ്രീൻ ഇന്ത്യാ മിഷൻ പദ്ധതി എന്നിവയുടെ ഭാഗമായി ഈറ്റയും, മുളയും മറ്റു ഔഷധ സസ്യങ്ങളും വച്ചുപിടിപ്പിക്കുന്നതിനുള്ള കർമ്മ പരിപാടികളും വനം വകുപ്പ് നടപ്പാക്കിയിട്ടുണ്ട്.<br><br>വനാതിർത്തികളിൽ താമസിക്കുന്നവർക്ക് ഔഷധസസ്യ കൃഷിയിലൂടെ സുസ്ഥിരമായ ഉപജീവനമാർഗ്ഗം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ വനം വകുപ്പ് നടപ്പാക്കുന്ന പദ്ധതിയാണ് 'വന ഔഷധ സമൃദ്ധി'. VSS/ EDC -കൾ വഴി ഔഷധ സസ്യങ്ങൾ, പ്രത്യേകിച്ച് മഞ്ഞൾ കൃഷി പ്രോത്സാഹിപ്പിക്കുക വഴി, അവർക്ക് മികച്ച വരുമാനം പ്രദാനം ചെയ്യാൻ സാധിക്കുന്നു. ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ചിന്റെ ഘടക സ്ഥാപനമായ കോഴിക്കോട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ച് മഞ്ഞൾ കൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന VSS/EDC അംഗങ്ങൾക്ക് ആവശ്യമായ പരിശീലനവും സാങ്കേതിക പിന്തുണയും നൽകുന്നു. 'വന ഔഷധ സമൃദ്ധി' പദ്ധതിയിലൂടെ VSS/EDC-യുമായി ബന്ധപ്പെട്ട ജനങ്ങളുടെ ഉപജീവനം മെച്ചപ്പെടുത്തുന്നതിന് സഹായിക്കുന്നു. |
| (സി) | വനാശ്രിത സമൂഹങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങളും വരുമാനവും ഉറപ്പാക്കുന്നതിനായി ചന്ദനവെള്ള മൂല്യവർദ്ധിത ഉല്പന്നമാക്കി വിപണനം ചെയ്യുന്നതിന് തീരുമാനമെടുത്തിരുന്നോ; എങ്കിൽ വിശദമാക്കുമോ? | (സി) | വനാശ്രിത സമൂഹങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങളും വരുമാനവും ഉറപ്പാക്കുന്നതിനായി ചന്ദനവെള്ള മൂല്യവർദ്ധിത ഉല്പന്നമാക്കി വിപണനം ചെയ്യുന്നതിനു തീരുമാനിച്ചിട്ടുണ്ട്. മറയൂർ ചന്ദന ഡിവിഷനിലെ മറയൂർ ചന്ദന ഡിപ്പോ മുഖാന്തിരം നടത്തപ്പെടുന്ന ഓരോ ചന്ദന ലേലങ്ങളോടും അനുബന്ധിച്ച് ഏകദേശം 50 ടണ്ണോളം ചന്ദന ചിപ്സ് ലഭ്യമായി വരുന്നതാണ്. എന്നാൽ ടി ഇനത്തിന് പൊതുവെ വിപണന സാദ്ധ്യത കുറവായതിനാൽ അതിനെ മൂല്യവർദ്ധിത ഉത്പന്നമാക്കി മാറ്റുന്നതിന് 03.11.2022-ലെ സ.ഉ.(കൈ) നം.52/2022/വനം പ്രകാരം ഉത്തരവായിട്ടുള്ളതാണ്. തൻമൂലം തൊഴിൽരഹിതരായ വനാശ്രിത സമൂഹങ്ങൾക്ക് തൊഴിലവസരം സൃഷ്ടിക്കുന്നതിനും അവരുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിനും സഹായകരമാണ്.<br><br>മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മറയൂർ ഡിപ്പോയിൽ സ്റ്റോക്കിലുള്ള ചന്ദന വെള്ള ചിപ്സിൽ നിന്നും 500 കി.ഗ്രാം ചിപ്സ് പൊടിയാക്കി ബ്രിക്കറ്റ് |

| | | | |
|---|---|---|---|
| | | | ആക്കി പരിവർത്തനം ചെയ്ത് സ്റ്റോക്ക് ചെയ്തിട്ടുണ്ട്. ഇതിന്റെ വിപണനം പ്രമോട്ട് ചെയ്യുന്നതിനും വിപണിയിൽ എത്തിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ